**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 350** **08-06-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ് .ടി കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്. ടി. ഇനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് എത്ര കുടിശ്ശിക തുക ലഭിക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് ഇനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് നിലവിൽ കുടിശ്ശിക ഒന്നും ലഭിക്കുവാനില്ല. |
| (ബി) | ജി.എസ്. ടി. കോമ്പൻസേഷൻ ഇനത്തിൽ എത്ര തുക സംസ്ഥാനത്തിന് ലഭിക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാര തുക സംബന്ധിച്ച വിവരങ്ങൾ, 2020-21 സാമ്പത്തിക വർഷം കേരളത്തിന്റെ ജി.എസ്.ടി. കളക്ഷൻ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, വാറ്റ് കളക്ഷൻ, അഡ്ഹോക്ക് ആയി ലഭിച്ച ഐ.ജി.എസ്.ടി. തുക) എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ദ്വൈമാസക്കണക്കിൽ ആണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019-20 സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ തുക ആണ് നഷ്ടപരിഹാര Cess വഴി ലഭിച്ചത്. ഇതിനാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭ്യമായില്ല. ഡിസംബർ 2019 മുതൽ ഫെബ്രുവരി 2020 വരെയുള്ള നഷ്ടപരിഹാര തുക 04-06-2020-നും മാർച്ച് 2020-ലെ നഷ്ടപരിഹാര തുക 23-07-2020-നും ആണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്. 2020-21 സാമ്പത്തിക വർഷം ഇതുവരെ Special Window Facility-യിലൂടെയുള്ള വായ്പയിനത്തിൽ 5766 കോടി രൂപയും കോമ്പൻസേഷൻ സെസ്സ് ഇനത്തിൽ 3207.41 കോടി രൂപയും ഉൾപ്പെടെ ആകെ 8973.41 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാര തുക ലഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ബാക്കി 4014.45 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാര തുകയായി ലഭിക്കുവാനുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ രണ്ട് ഇനത്തിലുമുള്ള കുടിശ്ശിക എന്ന് നൽകുമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | കോവിഡ് മഹാമാരി കാരണം കോമ്പൻസേഷൻ സെസ്സ് വരുമാനത്തിൽ കുറവ് ഉണ്ടാവുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരികയും ചെയ്തു. ഇത് 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ ജി.എസ്.ടി. നഷ്ടപരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാർ മുന്നോട്ട് വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്ര സർക്കാർ ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് (Special Window Facility-യിലൂടെയുള്ള വായ്പ) അനുസരിച്ച് 2020-21 സാമ്പത്തിക വർഷം 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 43-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങളും ബാക്കി നൽകുവാനുള്ള നഷ്ടപരിഹാര തുക നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് എത്രയും വേഗം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാര തുക

| Year | Protected Revenue (Cr.) | Total Collection (Cr.) | Ad-hoc Settlement (Cr.) | Compensation Received (Cr.) |
|---|---|---|---|---|
| 2017-18 | 16398 | 13502.68 | 736 | 2102 |
| 2018-19 | 24924 | 18631.85 | 2734.36 | 3532 |
| 2019-20 | 28416 | 19622.88 | 693.52 | 8111 |

## 2020-21 സാമ്പത്തിക വർഷം കേരളത്തിന്റെ ജി.എസ്.ടി. കളക്ഷൻ

| Protected Revenue FY 2020-21 (Cr.) | Total Collection (SGST + IGST settlement + VAT) (Cr.) | IGST Ad-hoc (Cr.) | Recovery (Cr.) | Compensation Receivable (Cr.) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5<br>1-(2+3-4) |
| 32400 | 17962.4 | 1596.11 | 146.36 | 12987.86 |